നമ്പർ: A4/102/11

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
(പാഠപുസ്തക വിഭാഗം) തിരുവനന്തപുരം

തീയതി: 01.07.2011

## സർക്കുലർ

വിഷയം:- പാഠപുസ്തകവിതരണം 2011-2012 – ഇനിയും ലഭിക്കാനുള്ള പുസ്തകങ്ങൾ സംബന്ധിച്ച്

സൂചന:- 01.07.2011-ൽ ബഹു. വിദ്യാഭ്യാസ മന്ത്രിയുടെ അധ്യക്ഷതയിൽ കൂടിയ ജില്ലാ ഓഫീസർമാരുടെ യോഗത്തിലെ തീരുമാനങ്ങൾ.

2011-12 അദ്ധ്യയനവർഷത്തിൽ സംസ്ഥാനത്തെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകൾക്ക് ഇനിയും ലഭിക്കാനുള്ള പാഠപുസ്തകങ്ങൾ സംബന്ധിച്ച കണക്ക് അടിയന്തരമായി ശേഖരിക്കേണ്ടിയിരിക്കുന്നു. ഇതിനായി ഓരോ സ്കൂളുകളും ഇതിനകം ലഭിച്ചതും ഇനി ലഭിക്കാനുള്ളതുമായ പുസ്തകങ്ങളുടെ എണ്ണം ഓൺലൈനായി 04.07.2011-നകം കൃത്യമായി നൽകണം. ചുവടെപ്പറയുന്ന മാർഗരേഖകൾ പാലിക്കേണ്ടതാണ്.

1. കേരള ബുക്ക്സ് ആൻഡ് പബ്ലിക്കേഷൻസ് സൊസൈറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റായ www.keralabooks.org -ലെ text book receipt എന്ന ലിങ്കിൽ പ്രവേശിക്കുക
2. ഫെബ്രുവരി മാസത്തിൽ ഓൺലൈൻ ഇൻഡന്റ് നൽകാൻ ഉപയോഗിച്ച സ്കൂൾ കോഡും പാസ് വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് സ്റ്റാൻഡേർഡ് സെലക്ട് ചെയ്യുക. താഴെപ്പറയുംപ്രകാരം ഒരു ഫോർമാറ്റ് പ്രത്യക്ഷപ്പെടും.

| .നമ്പർ Sl.No. | പുസ്തകം Title | ആദ്യം ഓർഡർ ചെയ്ത എണ്ണം (No.of copies ordered) | യഥാർത്ഥത്തിൽ ആവശ്യമായ എണ്ണം (No.of copies actually required) | ഇതിനകം ലഭിച്ച പുസ്തകങ്ങളുടെ എണ്ണം (No.of copies received) |
|---|---|---|---|---|
| (A) | (B) | (C) | (D) | (E) |
| | | | | |
| | | | | |
| | | | | |

A മുതൽ C വരെയുള്ള ഡാറ്റാ സൈറ്റിൽ ലഭ്യമായിരിക്കും. മറ്റ് രണ്ട് കോളങ്ങളാണ് ഓരോ സ്കൂളും എന്റർ ചെയ്യേണ്ടത്. ഇതിലേക്കായി താഴെപ്പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കണം.

1. C എന്ന കോളത്തിൽ ഓരോ ടൈറ്റിലിനും വേണ്ടി വരുമെന്ന് കരുതി മുൻകൂട്ടി നൽകിയ എണ്ണമാണ് ഉണ്ടായിരിക്കുന്നത്. ഇതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിൽ അക്കാര്യമാണ്